ܡܠܢܟܪܐ ܝܥܩܘܒܝܐ ܣܘܪܝܝܐ ܡܕܪܫܬܐ ܕܒܝܬܐ ܕܬܠܡܝܕܐ

MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

(Under the Holy Apostolic See of Antioch and All the East) **Reg. No. ER/308/07**

Circular to All Sunday Schools and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

M.J.S.S.A. HEAD QUARTERS,
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150 (Whatsapp)
General Secretary : 9446138868 (Personal)

Circular No.: M/C/05/ 2023

20-08-2023

കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,

2023 വർഷത്തെ വാർഷീക പരീക്ഷ താഴെ പറയും പ്രകാരം നടത്തുന്നതിന് 04.08.2023 ൽ ചേർന്ന പരീക്ഷ ബോർഡു തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരങ്ങൾ എല്ലാ സൺഡേസ് കൂളുകളുടേയും, ഭാരവാഹികളുടേയും ശ്രദ്ധക്കായി അറിയിക്കുന്നു.

1. 1 മുതൽ 9 വരെയും 11-ാം ക്ലാസ്സിലെയും പരീക്ഷ - 26.11.2023- ഞായർ 1 മണി മുതൽ 3.30 മണി വരെ.
2. 10, 12 ക്ലാസ്സുകളിലെ പരീക്ഷ - 03.12.2023 - ഞായർ 1 മണി മുതൽ 3.30 മണി വരെ.

a. ക്ലാസ്സ് 1 മുതൽ 9 വരെയും, 11-ാം ക്ലാസ്സിലെയും പരീക്ഷകൾ ഹെഡ്മാസ്റ്റർമാരുടെ ചുമതലയിലും 10, 12 ക്ലാസ്സുകളിലെ പരീക്ഷകൾ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാരുടെ ചുമതലയിലും നടത്തേണ്ടതാണ്.

b. എം.ജെ.എസ്.എസ്.എ. പരീക്ഷാ മാനുവൽ, ജനറൽ സെക്രട്ടറിയുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി പാലിച്ചു വേണം പരീക്ഷകൾ നടത്തുവാൻ.

C. ഈ വർഷം മുതൽ 5 മുതൽ 9 വരെ ക്ലാസ്സുകളിലേതുപോലെ 11-ാം ക്ലാസിലും റാങ്കുകൾ ഉണ്ടായിരിക്കുന്നതാണ്.

പ്രധാന നിർദ്ദേശങ്ങൾ:-

1. 2019 - ചോദ്യപേപ്പർ മോഡലിലായിരിക്കും ഈ വർഷത്തെ പരീക്ഷ. സുറിയാനി പാഠഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

2. +1 ,+2, ക്ലാസ്സുകളിലെ പരീക്ഷയും 2019 ലേതുപോലെ തന്നെ ആയിരിക്കുമെങ്കിലും, രണ്ടാമത്തെ ഉപന്യാസം (12 മാർക്ക്) നു പകരമായി നിലവിലുള്ള ഖണ്ഡികയിൽ ഉത്തരം എഴുതുക എന്നതിൽ ഒരു ചോദ്യവും (5 മാർക്ക് ഇതിൽ 6 ചോദ്യങ്ങളിൽ 4 എണ്ണം എഴുതുക.) പുതുതായി ചേരുംപടി ചേർക്കുക എന്നതിന് ഒരു മാർക്കു വീതം 7 എണ്ണവും ഉൾപ്പെടുത്തുന്നതാണ്.

3. X, XI, XII ക്ലാസ്സുകളിലെ രജിസ്ട്രേഷൻ - X, XI, XII പരീക്ഷകളുടെ രജിസ്ട്രേഷൻ സെപ്റ്റംബർ 15 -നകം പൂർത്തിയാക്കേണ്ടതും, സെപ്റ്റംബർ 15-നു ശേഷമുള്ളവ ഹെഡ്മാസ്റ്റർമാരുടെ വിശദീകരണം, ഇൻസ്പെക്ടർമാരുടെ ശുപാർശ എന്നിവ സഹിതം സെപ്റ്റംബർ 30 നകം 100/ക ഫൈനോടുകൂടിയും, അതിനുശേഷം ഒക്ടോബർ 31 നകം 200/ക ഫൈനോടുകൂടിയും പരീക്ഷ ബോർഡിന് രജിസ്റ്റർ ചെയ്യുന്നതിന് അനുവദിക്കാവുന്നതാണ്.

4. ആനുവൽ സ്റ്റേറ്റുമെന്റ്, M.J.S.S.A. യിൽ അടക്കേണ്ട വിഹിതം എന്നിവ സെപ്റ്റംബർ 30-നകം അടക്കണം. വർഷാരംഭ സ്റ്റേറ്റ്മെൻറ് അനുസരിച്ച് 1 മുതൽ XII വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടി ഒന്നിന് **5 രൂപ** ക്രമത്തിൽ വാർഷിക പിരിവ് ഹെഡ്മാസ്റ്റർ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറെ ഏൽപിക്കണം. ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ കുട്ടി ഒന്നിന് **1 രൂപ** വീതം ഡിസ്ട്രിക്റ്റ് വിഹിതമായി കണക്കിൽ വരവ് വെച്ച് എടുക്കേണ്ടതും ബാക്കി തുക സെപ്റ്റംബർ 30 -നകം കേന്ദ്രഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്. പരീക്ഷ ഫീസായി X-ാം ക്ലാസ്സിലെ കുട്ടി ഒന്നിന് 40 രൂപയും, XI-ാം ക്ലാസ്സിലെ കുട്ടി ഒന്നിന് 40 രൂപയും രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതാണ്. X-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷന് കുട്ടി ഒന്നിന് 100 രൂപ രജിസ്ട്രേഷൻ ഫീസ് അടക്കേണ്ടതാണ്. XII-ാം ക്ലാസ്സിൽ പ്രൈവറ്റായി പരീക്ഷ എഴുതുമ്പോൾ 100 രൂപ രജിസ്ട്രേഷൻ ഫീസ് അടക്കേണ്ടതുമാണ്. ഓരോ സൺഡേസ്കൂളിനും 200 /-ക വീതം അസോസിയേഷൻ ഫണ്ടും, പെൻഷൻ ഫണ്ടും ഇതോടൊപ്പം അടയ്ക്കേണ്ടതാണെന്ന വിവരം അറിയാമല്ലോ.

5. ഇംഗ്ലീഷ് ചോദ്യപേപ്പർ ആവശ്യമുള്ള ഹെഡ്മാസ്റ്റർമാർ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറെ രേഖാമൂലം അറിയിക്കേണ്ടതും ഇൻസ്പെക്ടർ ആനുവൽ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി സെപ്റ്റംബർ 30 നകം ജനറൽ സെക്രട്ടറിയെ അറിയിച്ചിരിക്കേണ്ടതുമാണ്.

6. 2023 ലെ വാർഷിക പരീക്ഷയുടെ X, XI, XII ക്ലാസ്സുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല. തന്നിരിക്കുന്ന ഫോമുകൾ മുഴുവനായി പൂരിപ്പിച്ച് കുട്ടികളുടെ ഫോട്ടോയും പതിപ്പിച്ച് (പതിക്കാത്ത ഫോട്ടോകൾ നല്കുന്നവർ ഫോട്ടോയുടെ പുറകിൽ കുട്ടിയുടെ പേര് എഴുതണം) സെപ്റ്റംബർ 15-ാം തീയതിക്കകം നിർബന്ധമായും എം.ജെ.എസ്.എസ്.എ.യിൽ എത്തിക്കുവാൻ ബന്ധപ്പെട്ട ഇൻസ്പെക്ടർമാർ ശ്രദ്ധിക്കണം. തക്കസമയത്ത് രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ സഹപ്രവർത്തകരായ ഇൻസ്പെക്ടർമാരെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

കർത്താവിൽ എളിയ ശുശ്രൂഷകൻ

Alias.

പി. വി. ഏലിയാസ്
ജനറൽ സെക്രട്ടറി
9446138868, 9526870749